# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1232

30.01.2018-ൽ മറുപടിക്ക്

## രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്കും അണ്ടർ വാല്യുവേഷൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സർക്കാർ നിശ്ചയിച്ച ന്യായവില പ്രകാരം രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്കും അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | എ) യും ബി) യും | ഉണ്ട്. ഭൂമിക്ക് മാത്രമേ സർക്കാർ ന്യായവില നിശ്ചയിച്ചിട്ടുള്ളൂ. കൈമാറ്റം ചെയ്യുന്നത് വെറും ഭൂമി മാത്രമാണെങ്കിൽ കേരള മുദ്രപത്ര നിയമം 45 (എ)യിലെ വ്യവസ്ഥാനുസരണം നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിലെ കെട്ടിടങ്ങൾക്ക് ശരിയായി ന്യായവില നിശ്ചയിച്ചിട്ടില്ലെങ്കിൽ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് റഫർ ചെയ്യുകയും അണ്ടർ വാല്യുവേഷൻ റിപ്പോർട്ട് ചെയ്ത ആധാരത്തിൽ അന്തിമ ഉത്തരവ് ആകുന്നതിന് മുൻപായി ബന്ധപ്പെട്ട കക്ഷിയെ നേരിൽ കേൾക്കുന്നതുൾപ്പെടെ സ്വാഭാവിക നീതി ഉറപ്പു വരുത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർ നടപടി പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ